ഇ.എസ്7/1291/2020/ആ.വ.ഡ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

തീയതി: 25.01.2022

## നോട്ടീസ്

വിഷയം:- ആ.വ. – 31.12.2019 വരെ പി. ജി. യോഗ്യത നേടിയ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ അനസ്തേഷ്യ വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ചവരുടെ പട്ടികയിൽ ഡോ. മീര. എസ്. ബാബു - നെ താൽക്കാലികമായി ഉൾപ്പെടുത്തിയും പ്രസ്തുത സ്ഥാനത്ത് നിലവിലുള്ള ഡോക്ടറുടെ സ്ഥാനം താൽക്കാലികമായി പുനഃക്രമീകരിച്ചുകൊണ്ടും നോട്ടീസ് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്-

സൂചന :- 1. ജി.ഒ (പി) നം. 69/2010/H & FWD, തീയതി. 17.02.2010
2. ഇതേ നമ്പർ ഉത്തരവ് തീയതി. 27.05.2020 & 03.06.2020
3. നം. എ1-18002/21/ജി.മെ.ആ, കൊല്ലം, തീയതി. 04.12.2021

31.12.2019 വരെ പി. ജി. യോഗ്യത നേടിയ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ അനസ്തേഷ്യ വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തവരുടെ പട്ടികയിൽ സീനിയോറിറ്റി നമ്പർ. 7 ആയി ഉൾപ്പെട്ടിരുന്ന ഡോ. മീര. എസ്. ബാബു – തന്റെ അസിസ്റ്റന്റ് സർജൻ കേഡറിലെ പ്രൊബേഷൻ പൂർത്തീകരിച്ചതായി സൂചന 3 പ്രകാരം അറിയിച്ചിരിക്കുന്നു. ടിയാരിയുടെ അപേക്ഷ വിശദമായി പരിശോധിച്ചതിൽ നിന്നും ഡോ. മീര. എസ് ബാബു – വിനെ പ്രൊബേഷൻ പൂർത്തീകരിച്ചവരുടെ പട്ടികയിൽ സീനിയോറിറ്റി നം '1' ആയി താൽക്കാലികമായി ഉൾപ്പെടുത്താനും നിലവിൽ ടി സ്ഥാനത്തുള്ള ഡോ. രഞ്ജിത. കെ. റ്റി – യുടെ സീനിയോറിറ്റി നമ്പർ താഴെ പറയും പ്രകാരം പുനഃക്രമീകരിച്ച് നൽകാനും താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ജനന തീയതി | സർവ്വീസിൽ പ്രവേശിച്ച തീയതി | പി. ജി നേടിയ തീയതി | സീനിയോറിറ്റി നം. പഴയത് | സീനിയോറിറ്റി നം. പുതിയത് | സ്ഥാനക്രമം |
|---|---|---|---|---|---|---|---|
| 1 | ഡോ. മീര. എസ്. ബാബു | 15.02.1989 | 30.11.2018 | 31.10.2018 | ലിസ്റ്റ് –II 7 | ലിസ്റ്റ് –I 1 | ഡോ. രഞ്ജിത. കെ. റ്റി(റാങ്ക് നം. 1 A)ക്ക് മുകളിലായി |
| 2 | ഡോ. രഞ്ജിത. കെ. റ്റി | 02.02.1981 | 23.09.2008 | 30.04.2019 | ലിസ്റ്റ് –I 1 | ലിസ്റ്റ് –I 1 A | ഡോ. മീര. എസ്. ബാബു (റാങ്ക് നം. 1) ന് താഴെയായി) |

മേൽ സൂചിപ്പിച്ച പ്രകാരം ക്രമ നം. 1, 2 വ്യക്തികൾക്ക് സീനിയോറിറ്റി നിശ്ചയിച്ച് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 10 ദിവസത്തിനുള്ളിൽ രേഖാമൂലം ഉചിതമാർഗ്ഗേനയോ, ഇ-മെയിൽ (essectiondhs@gmail.com) മുഖാന്തിരമോ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത നോട്ടീസിനെതിരെ ആർക്കും ആക്ഷേപമില്ല എന്ന നിഗമനത്തിൽ തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

ഒപ്പ്/-
ഡോ. രാജു. വി. ആർ
ആരോഗ്യവകുപ്പ് ഡയറക്ടർ (i/c)

സ്വീകർത്താവ്

വ്യക്തികൾക്ക് (ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)

പകർപ്പ്

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക്(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
3. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്